(സി) പല കേസുകളിലും വർഷങ്ങൾക്കു മുമ്പ് മിസലേനിയസ് അഡ്വാൻസായി പിരിഞ്ഞു കിട്ടാനുള്ള തുക ഇപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അപ്പീൽ വാങ്ങി തീർപ്പാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക വർഷങ്ങൾക്കുശേഷം അപ്പീൽ പരിഗണിച്ച് എഴുതിത്തള്ളിയ ഉദ്യോഗസ്ഥന്മാരുടെ നടപടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഇ) മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) 20,000 രൂപയ്ക്ക് താഴെവരുന്ന മിസലേനിയസ് അഡ്വാൻസ് തുക ബന്ധപ്പെട്ട റെയിഞ്ചോഫീസർമാരുടെ ശമ്പളത്തിൽ നിന്നും ഗഡുക്കളായി തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശികക്കാർ ഇപ്പോൾ ജോലി നോക്കുന്ന ആഫീസ് മേധാവി മുഖേന റിക്കവറി നടത്തി വരുന്നുണ്ട്.

20,000 രൂപയ്ക്ക് മേൽ മിസലേനിയസ് അഡ്വാൻസ് നിലനിൽക്കുന്നവരുടെ കാര്യത്തിൽ ഒരു നിശ്ചിത തീയതിക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർ സൈൻഡ് ചെലാൻ സഹിതം നോട്ടീസ് നൽകുകയും നിശ്ചിത തീയതിക്കകം തുക അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് റീട്രെഞ്ചുമെന്റ് സ്ലിപ്പ് പുറപ്പെടുവിക്കാൻ ആവശ്യപ്പെടുകയും അതുപ്രകാരം തുക ഈടാക്കാനും നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എല്ലാംതന്നെ 1990-ന് മുമ്പുള്ളതാണ്. മിസലേനിയസ് അഡ്വാൻസ് ചാർജ് ചെയ്ത സമയത്തുതന്നെ ബന്ധപ്പെട്ട റെയിഞ്ചോഫീസർമാർ അതിനെതിരെ അപ്പീൽ സമർപ്പിച്ചിരുന്നത് തീർപ്പാക്കാതെ കിടന്ന കേസുകളിൽ ചിലതിൽ അപ്പീൽ പരിശോധിച്ച് അന്തിമ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ ലഭിക്കേണ്ട തുക എഴുതി തള്ളിയിട്ടില്ല.

(ഇ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കുന്നതിന്റെ പുരോഗതി പീരിയോഡിക്കലായി വിലയിരുത്തുന്നുണ്ട്.

## നെയ്യാർ ഡാമിലെ ചീങ്കണ്ണി ഭീഷണി

13 (773) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നെയ്യാർഡാമിൽ ചീങ്കണ്ണി ഭീഷണി കാരണം സമീപവാസികൾ ക്ലേശമനുഭവിക്കുന്നതായി വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചീങ്കണ്ണികളുടെ ആക്രമണത്തിൽ ആരെങ്കിലും കൊല്ലപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ചീങ്കണ്ണി ഭീഷണി പരിഹരിക്കുവാനും മരണപ്പെട്ടവർക്കും പരിക്കുപറ്റിയവർക്കും ധനസഹായം അനുവദിക്കുവാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരാൾ കൊല്ലപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 20,000 രൂപ മരണപ്പെട്ട ശ്രീമതി. രാജമ്മയുടെ ഭർത്താവായ ശ്രീ. കമലാസനപ്പണിക്കർക്ക് 3-1-2001-ൽ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ബഹു: മുഖ്യമന്ത്രിയുടെ നിധിയിൽ നിന്ന് 30,000 രൂപകൂടി അനുവദിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായമായി 80,000 രൂപ കൂടി പരേതയുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി നൽകുന്നതിലേയ്ക്കായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് (ഗവൺമെന്റ് ഓഫ് ഇന്ത്യ) -യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ കാട്ടാനശല്യം

**14 (774)** ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കോട്ടത്തറ പ്രദേശത്ത് കാട്ടാനകൂട്ടങ്ങൾ ഇറങ്ങി വ്യാപകമായി കൃഷി നാശം വരുത്തിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശത്തെ കൃഷിയേയും ജനങ്ങളെയും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷിക്കാൻ കുറഞ്ഞയളവിൽ വൈദ്യുതിഷോക്ക് ഏൽക്കത്തക്കവിധം വേലികെട്ടാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാട്ടാനശല്യത്തിന് സ്ഥിരമായ പരിഹാരം കാണുവാൻ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ 25-06-1999-ൽ യോഗം ചേരുകയുണ്ടായി. ടി യോഗ തീരുമാനപ്രകാരം, കാട്ടാനകൾ കൂട്ടത്തോടെ ഇറങ്ങി വരുവാൻ സാധ്യതയുള്ള

LIBRARY ARCHIVES Kerala Legislative Assembly